18.04.21 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 14-12-1987

# സംഗമയുഗീ ബ്രാഹ്മണ ജീവിതത്തിന്റെ മൂന്ന് വിശേഷതകൾ

ഇന്ന് ബാപ്ദാദ തന്റെ സദാ കൂടെയിരിക്കുന്ന, സദാ സഹയോഗിയായി, സേവനത്തിൽ സാഥിയായി (കൂടെയിരുന്നുകൊണ്ട്) സേവനം ചെയ്യുന്ന, തിരികെ കൂടെ പോകുന്ന ശ്രേഷ്ഠ കുട്ടികളെ കണ്ട് ഹർഷിതമായി കൊണ്ടിരിക്കുകയായിരുന്നു. കൂടെ വസിക്കുന്നവർ അർത്ഥം സഹജമായ സ്വതവേ യോഗീ ആത്മാക്കൾ. സദാ സേവനത്തിൽ സഹയോഗി സാഥിയായി(കൂടെ) മുന്നോട്ട് പോകുന്ന അർത്ഥം ജ്ഞാനിതൂ ആത്മാക്കൾ, സത്യമായ സേവാധാരി. കൂടെ പോകുന്ന അർത്ഥം സമാനവും സമ്പന്നവുമായ കർമ്മാതീത ആത്മാക്കൾ. ബാപ്ദാദാ സർവ്വ കുട്ടികളിലും ഈ മൂന്ന് വിശേഷതകളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു- മൂന്ന് കാര്യങ്ങളിലും എത്രത്തോളം സമ്പൂർണ്ണമായി? സംഗമയുഗത്തിലെ ശ്രേഷ്ഠ ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷതകൾ ഇത് മൂന്നും ആവശ്യമാണ്. യോഗി ആത്മാവ്, ജ്ഞാനി ആത്മാവ്, ബാബയ്ക്ക് സമാനമായ കർമ്മാതീതമായ ആത്മാവ്- ഈ മൂന്നിലും വച്ച് ഏതെങ്കിലും വിശേഷതയുടെ കുറവുണ്ടെങ്കിൽ ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷതകളുടെ അനുഭവിയാകാതിരിക്കുക അർത്ഥം സമ്പൂർണ്ണ ബ്രാഹ്മണ ജീവിതത്തിന്റെ സുഖം അഥവാ പ്രാപ്തികളിൽ നിന്നും വഞ്ചിക്കപ്പെടുക കാരണം ബാപ്ദാദ സർവ്വ കുട്ടികൾക്കും സമ്പൂർണ്ണമായ വരദാനം നല്കുന്നു. അല്ലാതെ യഥാശക്തി യോഗി ഭവ അഥവാ ജ്ഞാനി ആത്മാ ഭവ ..ഇങ്ങനെയുള്ള വരദാനമല്ല നല്കുന്നത്. അതോടൊപ്പം മുഴുവൻ കല്പത്തിലും വിശേഷപ്പെട്ട സമയം സംഗമയുഗമാണ്, ഈ യുഗം അർത്ഥം സമയത്തെയും വരദാനി സമയമെന്നാണ് പറയുന്നത് കാരണം വരദാതാവായ ബാബ വരദാനം നല്കാൻ ഈ സമയത്ത് തന്നെയാണ് വരുന്നത്. വരദാതാവ് വരുന്നത് കാരണം സമയവും വരദാനിയായി. ഈ സമയത്തിനുള്ള വരദാനാമണ് ഇത്. സർവ്വ പ്രാപ്തികളിലും സമ്പൂർണ്ണ പ്രാപ്തികളുടെ സമയമിതാണ്. സമ്പൂർണ്ണ സ്ഥിതി പ്രാപ്തമാക്കുന്നതിനുള്ള വരദാനി സമയവും ഇതാണ്. മുഴുവൻ കല്പത്തിൽ കർമ്മത്തിനനുസരിച്ച് പ്രാപ്തി നേടാൻ അഥവാ കർമ്മത്തിനനുസരിച്ച് സ്വതവേ ഫലം പ്രാപ്തമാകുന്നു., എന്നാൽ ഈ വരദാനി സമയത്ത് നിങ്ങളുടെ കർമ്മമാണ് ഒരു ചുവട്, ബാബയിലൂടെ കോടിമടങ്ങ് സഹായം പ്രാപ്തമാകുന്നു. സത്യയുഗത്തിൽ ഒന്നിന് കോടിമടങ്ങ് പ്രാപ്തമാകുന്നല്ല എന്നാൽ ഇപ്പോൾ ലഭിച്ചത് പ്രാപ്തിയുടെ രൂപത്തിൽ അനുഭവിക്കുന്നതിന് അധികാരിയായി മാറുന്നു. കേവലം സമ്പാദിച്ചത് അനുഭവിച്ചു, കഴിച്ചും താഴേക്ക് വരുന്നു. കലകൾ കുറഞ്ഞു കൊണ്ടിരിക്കുന്നു. കലകൾ കുറഞ്ഞു വരുന്നു. ഒരു യുഗം പൂർത്തിയാകുമ്പോൾ തന്നെകലയും 16 കലയിൽ നിന്നും 14 കലയായി മാറുന്നു. എന്നാൽ ഏത് സമയത്താണ് സമ്പൂർണ്ണ പ്രാപ്തിയെടുത്ത് 16 കലയാകാൻ സാധിക്കുന്നത്? ആ പ്രാപ്തിയുടെ സമയമാണ് ഈ സംഗമയുഗം. ഈ സമയത്ത് ബാബ തുറന്ന ഹൃദയത്തോടെ സർവ്വ പ്രാപ്തികളുടെ ഖജനാവ് വരദാനത്തിന്റെ രൂപത്തിൽ, സമ്പത്തിന്റെ രൂപത്തിൽ, പഠിത്തത്തിന്റെ ഫലസ്വരൂരപമായി പ്രാപ്തിയുടെ രൂപത്തിൽ മൂന്ന് സംബന്ധങ്ങളിലൂടെ മൂന്ന് രൂപത്തിലൂടെ വിശേഷിച്ചും തുറന്ന ഭണ്ഡാരം, നിറഞ്ഞിരിക്കുന്ന ഭണ്ഡാരം കുട്ടികളുടെ മുന്നിൽ വയ്ക്കുന്നു. എത്ര, ഇത്ര എന്ന കണക്ക് വയ്ക്കുന്നില്ല, ഒന്നിന് കോടിമടങ്ങ് കണക്കാണ് വയ്ക്കുന്നത്. കേവലം സ്വ പുരുഷാർത്ഥം ചെയ്തു, പ്രാപ്തി നേടി, ഇങ്ങനെ പറയുന്നില്ല. എന്നാൽ ദയാമനസ്കനായി, ദാതാവായി, വിദാതാവായി, സർവ്വ സംബന്ധിയായി സ്വയം ഓരോ സെക്കന്റും സഹയോഗിയായി മാറുന്നു. ഒരു സെക്കന്റിന്റെ ധൈര്യം അനേക വർഷങ്ങൾക്ക് സമാനം പരിശ്രമത്തിന്റെ സഹായത്തിന്റെ രൂപത്തിൽ സദാ സഹയോഗിയായി തീരുന്നു കാരണം അനേക ജന്മങ്ങളായി അലയുന്ന ദുർബലരായ ആത്മാക്കളാണെന്ന് അറിയാം, ക്ഷീണിച്ചിരിക്കുകയാണ് അതിനാൽ അത്രയും സഹയോഗം നല്കുന്നു, സഹയോഗിയായി മാറുന്നു. സ്വയം വാഗ്ദാനം ചെയ്യുന്നു- സർവ്വ പ്രകാരത്തിലുമുള്ള ഭാരം ബാബയ്ക്ക് നല്കൂ ഭാരം ഏറ്റെടുക്കാം എന്ന വാഗ്ദാനം നല്കുന്നു. ഭാഗ്യവിദാതാവായി നോളേജ്ഫുൾ ആയി, ശ്രേഷ്ഠ കർമ്മത്തിന്റെ ജ്ഞാനം സ്പഷ്ടമായി മനസ്സിലാക്കി കൊടുത്ത് ഭാഗ്യത്തിന്റെ രേഖ വരയ്ക്കുന്നതിനുള്ള പേന നിങ്ങളുടെ കൈകളിൽ നല്കുന്നു. ഭാഗ്യത്തിന്റെ രേഖ എത്ര നീട്ടി വരയ്ക്കാൻ ആഗ്രഹിക്കുന്നുവൊ അത്രയും നീട്ടി വരയ്ക്കൂ. തുറന്നിരിക്കുന്ന സർവ്വഖജനാക്കളുടെയും താക്കോൽ നിങ്ങളുടെ കൈകളിൽ നല്കി. താക്കോലും എത്ര സഹജമാണ്. മായയുടെ കൊടുങ്കാറ്റ് വരുന്നുണ്ടെങ്കിലും ഛത്രച്ഛായയായി സദാ സുരക്ഷിതമാക്കുന്നു. ഛത്രച്ഛായ ഉള്ളയിടത്ത് കൊടുങ്കാറ്റിന് എന്ത് ചെയ്യാൻ സാധിക്കും. സേവാധാരിയുമാക്കുന്നു എന്നാൽ അതോടൊപ്പം ബുദ്ധിവാൻമാരുടെയും ബുദ്ധിവാനായി ആത്മാക്കളെ ടച്ചും ചെയ്യുന്നു, അതിലൂടെ പേര് കുട്ടികൾക്ക് ലഭിക്കുന്നു, ബാബയുടെ കർത്തവ്യം സഹജവുമായി തീരുന്നു. ഇത്രയും സ്നേഹത്തോടെ ലാളനയോടെ ഓമനക്കുട്ടികളാക്കി പാലന നല്കുന്നു, സദാ അനേക ഊഞ്ഞാലുകളിൽ ആട്ടുന്നു. പാദം താഴെ വയ്ക്കുന്നില്ല. ഇടയ്ക്ക് സന്തോഷത്തിന്റെ ഊഞ്ഞാലിൽ, ഇടയ്ക്ക് സുഖത്തിന്റെ ഊഞ്ഞാലിൽ, ഇടയ്ക്ക് ബാബയുടെ മടിത്തട്ടിന്റെ ഊഞ്ഞാലിൽ, ആനന്ദം, സ്നേഹം, ശാന്തിയുടെ ഊഞ്ഞാ

ലിൽ ആടിക്കൊണ്ടിരിക്കൂ. ആടുക അർത്ഥം ആനന്ദത്തിലിരിക്കുക. ഈ സർവ്വ പ്രാപ്തികളും ഈ വരദാനി സമയത്തിന്റെ വിശേഷതയാണ്. ഈ സമയത്ത് വരദാതാവ് വിദാതാവായത് കാരണം ബാബയും സർവ്വ സംബന്ധം നിറവേറ്റുന്നത് കാരണം ബാബ ദയാമനസ്കനാണ്. ഒന്നിന് കോടിമടങ്ങ് നല്കുന്നതിന്റെ വിധിയുള്ളത് ഈ സമയത്തിനാണ്. അന്തിമത്തിൽ കർമ്മ കണക്ക് സമാപ്തമാക്കുന്നവർ തന്റെ സാഥിയിലൂടെ കാര്യം ചെയ്യിക്കും. സാഥിയാരാണ് എന്നറിയാമല്ലോ? പിന്നീട് ഈ ഒന്നിന് കോടിമടങ്ങ് ലഭിക്കുന്നതിന്റെ കണക്ക് സമാപ്തമാകും. ഇപ്പോൾ ദയാമനസ്കനാണ്, പിന്നീട് കർമ്മ കണക്ക് ആംഭിക്കും. ഈ സമയത്ത് ബാബ ക്ഷമിക്കുന്നുണ്ട്. കടുത്ത തെറ്റും ക്ഷമിച്ച് സഹയോഗിയായി മുന്നോട്ടുയർത്തുന്നു. കേവലം ഹൃദയം കൊണ്ട് തിരിച്ചറിയണം അർത്ഥം ക്ഷമിക്കുക. ലോകത്തിലുള്ള മനുഷ്യർ മാപ്പ് ചോദിക്കുന്നുണ്ട്, ഇവിടെ ആ രീതിയിലൂടെ മാപ്പ് നേടരുത്. തിരിച്ചറിയുക എന്ന വിധി തന്നെയാണ് മാപ്പ്. അതിനാൽ ഹൃദയം കൊണ്ട് തിരിച്ചറിയുക, മറ്റുള്ളവർ പറയുന്നതിലൂടെ അഥവാ സമയത്ത് നടത്തിക്കുന്നതിന്റെ ലക്ഷ്യത്തിലൂടെ, ഈ മാപ്പ് സമ്മതമല്ല. ചില കുട്ടികൾ വളരെ സമർത്ഥരാണ്. സാഹചര്യം കണ്ടിട്ട് പറയുന്നു- ഇപ്പോൾ തിരിച്ചറിയൂ, ക്ഷമിക്കൂ, ബാക്കി പിന്നീട് കാണാം. എന്നാൽ ബാബയും നോളേജ്ഫുൾ ആണ്, അറിയുന്നുണ്ട്, പുഞ്ചിരിച്ച് വിടുന്നു പക്ഷെ ക്ഷമ സമ്മതിക്കില്ല. വിധിയിലൂടെയല്ലാതെ സിദ്ധി ലഭിക്കില്ലല്ലോ. വിധി ഒരു ചുവടിന്റേതാണ്, സിദ്ധി കോടി മടങ്ങ് ലഭിക്കുന്നു. എന്നാൽ ഒരു ചുവടിന്റെ വിധി യഥാർത്ഥമല്ലേ. അതിനാൽ ഈ സമയത്തിന്റെ വിശേഷത എത്രയാണ് അഥവാ വരദാനി സമയം എങ്ങനെയുള്ളതാണ്- ഇത് കേൾപ്പിച്ചു.

വരദാനി സമയത്തും വരദാനം എടുക്കുന്നില്ലായെങ്കിൽ പിന്നെ ഏത് സമയത്ത് എടുക്കും? സമയം സമാപ്തമായി, സമയത്തിനനുസരിച്ച് ഈ സമയത്തിന്റെ വിശേഷതകളും സർവ്വതും സമാപ്തമാകും അതിനാൽ എന്ത് ചെയ്യണമോ, എന്ത് നേടണമോ, എന്ത് ആക്കണമോ അത് ഇപ്പോൾ വരദാനത്തിന്റെ രൂപത്തിൽ ബാബയുടെ സഹായത്തിന്റെ സമയത്ത് ചെയ്യൂ, ഉണ്ടാക്കൂ. പിന്നീട് ഈ ഡയമണ്ഡ് അവസരം ലഭിക്കില്ല. സമയത്തിന്റെ വിശേഷതകൾ കേട്ടല്ലോ. സമയത്തിന്റെ വിശേഷതകളുടെ ആദാരത്തിൽ ബ്രാഹ്മണ ജീവിതത്തിന്റെ 3 വിശേഷകൾ കേൾപ്പിച്ചു- ഈ മൂന്നിലും സമ്പൂർണ്ണമാകൂ. നിങ്ങളുടെ വിശേഷ സ്ലോഗൻ ഇതല്ലേ- യോഗിയാകൂ, പവിത്രമാകൂ. ജ്ഞാനിയാകൂ, കർമ്മാതീതമാകൂ, കൂടെ പോകുക തന്നെ വേണം അതിനാൽ സദാ കൂടെ വസിക്കുന്നവരായി കൂടെ പോകൂ. കൂടെ വസിക്കാത്തവർ എങ്ങനെ കൂടെ പോകും? കൂടെ പോകുന്നതിനായി സമയത്ത് തയ്യാറാകുന്നില്ല കാരണം ബാബയ്ക്ക് സമാനമാകുക അർത്ഥം തയ്യാറാകുക. സമാനത തന്നെയാണ് കൈയ്യും കൂട്ട്ക്കെട്ടും. ഇല്ലായെങ്കിൽ എന്ത് സംഭവിക്കും? മുന്നിൽ പോകുന്നവരെ കണ്ട് കണ്ട് പിന്നാലെ തന്നെ വന്നു കൊണ്ടിരിക്കുന്നവരെ സാഥിയെന്ന് പറയില്ല. സാഥി കൂടെ പോകുന്നവരായിരിക്കണം. വളരെക്കാലം കൂടെ വസിക്കുക, സാഥിയായി സഹയോഗിയാകുക- ഈ വളരെക്കാലത്തെ സംസ്ക്കാരം തന്നെയാണ് സാഥിയാക്കി കൂടെക്കൊണ്ടു പോകുന്നത്. ഇപ്പോഴും കൂടെ വസിക്കുന്നില്ലായെങ്കിൽ ഇതിലൂടെ മനസ്സിലാക്കാം ദൂരെയാണ് വസിക്കുന്നതെന്ന്. അതിനാൽ ദൂരെയിരിക്കുന്ന സംസ്ക്കാരം കൂടെ പോകുന്ന സമയത്തും അകൽച്ചയുടെ അനുഭവം ചെയ്യിക്കും അതിനാൽ ഇപ്പോൾ മുതലേ മൂന്ന് വിശേഷതകളെയും ചെക്ക് ചെയ്യൂ. സദാ കൂടെയിരിക്കൂ. സദാ ബാബയുടെ സാഥിയായി സേവനം ചെയ്യൂ. ചെയ്യിപ്പിക്കുന്നവൻ ബാബ, നിമിത്തമായി ഞാൻ ചെയ്യുന്നു. അപ്പോൾ സേവനം ഒരിക്കലും ചഞ്ചലതയിൽ കൊണ്ടു വരില്ല. ഒറ്റപ്പെടുമ്പോഴാണ് ഞാൻ എന്ന ബോധത്തിൽ വരുന്നത്, പിന്നെ മായയാകുന്ന പൂച്ച മ്യാവൂ....മ്യാവൂ എന്ന് കരയുന്നു. നിങ്ങൾ ഞാൻ ഞാൻ....എന്ന് പറയുന്നു, മായ- ഞാൻ വരട്ടെ, ഞാൻ വരട്ടെ (മേ ആവൂ)... എന്ന് പറയുന്നു. മായയെ പൂച്ചയെന്നാണ് പറയുന്നത്. അതിനാൽ സാഥിയായി സേവനം ചെയ്യൂ. കർമ്മാതീതമാകുന്നതിന്റെ പരിഭാഷ വളരെ ഗുഹ്യമാണ്, അത് പിന്നീട് കേൾപ്പിക്കാം.

ഇന്ന് കേവലം ഈ 3 കാര്യങ്ങൾ ചെക്ക് ചെയ്യണം. സമയത്തിന്റെ വിശേഷതകളുടെ ലാഭം എത്രത്തോളം പ്രാപ്തമാക്കി? കാരണം സമയത്തിന്റെ മഹത്വത്തെയറിയുക അർത്ഥം മഹാനാകുക. സ്വയത്തെ അറിയുക, ബാബയെ അറിയുക- എത്രത്തോളം ഇതിന് മഹത്വമുണ്ടോ അതേപോലെ സമയത്തെ തിരിച്ചറിയേണ്ടതും ആവശ്യമാണ്. അപ്പോൾ മനസ്സിലായോ, ഇനി എന്ത് ചെയ്യണം ? ബാപ്ദാദ റിസൾട്ട് കേൾപ്പിക്കുന്നതിന് മുമ്പേ തന്റെ റിസൾട്ട് സ്വയം നോക്കൂ കാരണം ബാപ്ദാദ റിസൾട്ട് ഔട്ടാക്കിയാൽ അത് കേട്ട് ചിന്തിക്കും- ഇപ്പോൾ അനൗൻസായി, ഇനിയെന്ത് ചെയ്യും, ഇപ്പോൾ ആരാണൊ എങ്ങനെയാണൊ ശരിയാണ് അതിനാൽ വീണ്ടും ബാപ്ദാദ പറയുന്നു- ഇത് ചെക്ക് ചെയ്യൂ, ഇത് ചെക്ക് ചെയ്യൂ. ഇങ്ങനെ ഇൻഡയറക്ടായി റിസൾട്ട് കേൾപ്പിച്ചു കൊണ്ടിരിക്കുന്നു കാരണം ആദ്യമേ പറഞ്ഞിട്ടുണ്ട്- റിസൾട്ട് കേൾപ്പിക്കും എന്ന്, സമയവും നലികിയിട്ടുണ്ട്. ഇടയ്ക്ക് 6 മാസം, ഇട്യ്ക്ക് ഒരു വർഷം നല്കിയിരിക്കുന്നു. ചിലർ ഇങ്ങനെയും ചിന്തിക്കുന്നു- 6 മാസം പൂർത്തിയായല്ലോ, ഒന്നും കേൾപ്പിച്ചില്ലല്ലോ എന്ന്. പക്ഷെ ബാബ

കേൾപ്പിച്ചല്ലോ– ഇപ്പോൾ ദയ കാണിക്കുന്ന സമയമാണ്, വരദാനം നല്കുന്ന സമയമാണ്. ഇപ്പോൾ ചിത്ര ഗുപ്തൻ ഗുപ്തമാണ്. പിന്നീട് പ്രത്യക്ഷമാകും അതിനാൽ ബാബയ്ക്ക് ദയ തോന്നുന്നു– ശരി, കുട്ടികളേ, ഒരു വർഷം കൂടി നല്കാം എന്ന്. ബാബ ആഗ്രഹിച്ചാൽ എന്താണ് ചെയ്യാൻ സാധിക്കാത്തത്. സർവ്വരുടെ ഓരോ കാര്യവും അനൗൻസ് ചെയ്യാൻ സാധിക്കും. ചിലർ ഭോലാനാഥൻ എന്ന് മനസ്സിലാക്കുന്നില്ലേ. ചില കുട്ടികൾ ഇപ്പോഴും ബാബയെ നിഷ്കളങ്കനാക്കുന്നു. ഭോലാനാഥനാണ് എന്നാൽ മഹാകാലനുമാണ്. ഇപ്പോൾ ആ രൂപം കുട്ടികളുടെ മുന്നിൽ കാണിക്കുന്നില്ല. ഇല്ലായെങ്കിൽ മുന്നിൽ നില്കാനേ സാധിക്കില്ല. അതിനാൽ അറിഞ്ഞു കൊണ്ടും ഭോലാനാഥനായി മാറുന്നു, ഒന്നും അറിയാത്തത് പോലെ. എന്നാൽ എന്തിന്? കുട്ടികളെ മ്പൂർണ്ണമാക്കുന്നതിന് വേണ്ടി. മനസ്സിലായോ? ബാപ്ദാദ ഈ ദൃശ്യങ്ങളെല്ലാം കണ്ട് പുഞ്ചിരിച്ചു കൊണ്ടിരിക്കുന്നു. എന്തെല്ലാം കളികൾ കളിക്കുന്നു– സർവ്വതും കണ്ടു കൊണ്ടിരിക്കുന്നു അതിനാൽ ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷതകളെ സ്വയം ചെക്ക് ചെയ്യൂ, സ്വയത്തെ സമ്പന്നമാക്കൂ. ശരി.

നാനാ ഭാഗത്തുമുള്ള സർവ്വ യോഗീ ആത്മാവ്, ജ്ഞാനി ആത്മാവ്. ബാബയ്ക്ക് സമാനമായ കർമ്മാതീത ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ ബാബയുടെ സർവ്വ സംബന്ധങ്ങളുടെ, പ്രാപ്തിയുടെ ലാഭമെടുക്കുന്ന വിവേകശാലികളായ വിശാല ബുദ്ധി, സ്വച്ഛ ബുദ്ധി, സദാ പാവനമായ കുട്ടികൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

പാർട്ടികളുമായുള്ള സംഭാഷണം– സദാ സ്വയത്തെ സർവ്വശക്തികൾ കൊണ്ട് സമ്പന്നമായ മാസ്റ്റർ സർവ്വശക്തിവാൻ ആത്മാക്കളാണെന്ന് അനുഭവിക്കുന്നുണ്ടോ? ബാബ സർവ്വശക്തികളുടെ ഖജനാവ് സമ്പത്തിന്റെ രൂപത്തിൽ നല്കിയിട്ടുണ്ട്. സർവ്വശക്തികൾ തന്റെ സമ്പത്ത് അർത്ഥം ഖജനാവാണ്. തന്റെ ഖജനാക്കൾ കൂടെ തന്നെയുണ്ടല്ലോ. ബാബ നല്കി, കുട്ടികളുടേതായി. അതിനാൽ സ്വന്തം എന്നുള്ള വസ്തുവിന്റെ ഓർമ്മ സ്വതവേയുണ്ടാകുന്നു. ലോകത്തിലുള്ള വസ്തുക്കളെല്ലാം വിനാശിയാണ്, ഈ സമ്പത്ത് അഥവാ ശക്തികൾ അവിനാശിയാണ്. ഇന്ന് സമ്പത്ത് ലഭിച്ചു, നാളെ സമാപ്തമായി അങ്ങനെയല്ല. ഇന്ന് ഖജനാവുണ്ട്, നാളെ ആരെങ്കിലും അതിനെ നശിപ്പിച്ചു, തട്ടിയെടുത്തു– അങ്ങനെയുള്ള ഖജനാവല്ല, എത്രത്തോളം വിതരണം ചെയ്യുന്നുവൊ അത്രത്തോളം വർദ്ധിക്കുന്നു. ജ്ഞാനത്തിന്റെ ഖജനാവ് എത്രത്തോളം നല്കുന്നുവൊ അത്രത്തോളം വർദ്ധിച്ചു കൊണ്ടിരിക്കും. സർവ്വ സാധനങ്ങളും സ്വതവേ പ്രാപ്തമായിക്കൊണ്ടിരിക്കും. അതിനാൽ സദാ സമ്പത്തിന്റെ അധികാരിയായി– ഈ സന്തോഷമില്ലേ. സമ്പത്തും എത്ര ശ്രേഷ്ഠമാണ്. യാതൊരു അപ്രാപ്തിയുമില്ല, സർവ്വ പ്രാപ്തികളുണ്ട്. ശരി.

**അമൃതവേളയിൽ വിടപറയുന്ന സമയത്ത് ദാദിമാരുമായുള്ള , ദാദി നിർമൽ ശാന്താജിയുമായുള്ള സംഭാഷണം**– മഹാരഥിമാരുടെ ഓരോ ചുവടിലും സേവനമാണ്. സംസാരിച്ചാലും ഇല്ലെങ്കിലും ഓരോ കർമ്മത്തിലും, ഒരോ ചലനത്തിലും സേവനമാണ്. സേവനമില്ലാതെ ഒരു സെക്കന്റ് പോലുമിരിക്കാൻ സാധിക്കില്ല. മനസ്സാ സേവനത്തിലാകട്ടെ, വാചാ സേവനത്തിലാകട്ടെ, സംബന്ധ സമ്പർക്കത്തിലൂടെയാകട്ടെ– എന്നാൽ നിരന്തര യോഗിയുമാകണം, നിരന്തര സേവാധാരിയുമാകണം. നല്ലത്– മധുബനിൽ നിന്നും സമ്പാദിച്ചിട്ടുള്ള ഖജനാവ് സർവ്വർക്കും വിതരണം ചെയ്യുന്നതിനാണ് പോകുന്നത്. മഹാരഥികളുടെ സ്ഥാനത്ത് വസിക്കുക എന്നതും അനേക ആത്മാക്കളുടെ സ്ഥൂല ആശ്രയമായി മാറുന്നു. ഏതു പോലെ ബാബ ഛത്രഛായയാണ്, അതേപോലെ ബാബയ്ക്ക് സമാനം കുട്ടികളും ഛത്രഛായയായി മാറുന്നു. സർവ്വർക്കും കണ്ടിട്ട് എത്ര സന്തോഷമുണ്ടാകുന്നു അതിനാൽ ഇത് മഹാരഥികൾക്കുള്ള വരദാനമാണ്. കണ്ണുകളുടെ വരദാനം, മസ്തകത്തിന്റെ വരദാനം എത്ര വരദാനങ്ങളുണ്ട്! ഓരോ കർമ്മം ചെയ്യാൻ നിമിത്തമായ കർമ്മേന്ദ്രിയങ്ങൾക്കും വരദാനമുണ്ട്. നയനങ്ങളിലൂടെ കാണുമ്പോൾ എന്ത് മനസ്സിലാക്കുന്നു? ബാബയുടെ ദൃഷ്ടി ഈ ആത്മാക്കളുടെ ദൃഷ്ടിയിലൂടെ അനുഭവപ്പെടുന്നു എന്ന് മനസ്സിലാക്കുന്നു. അപ്പോൾ നയനങ്ങൾക്കുള്ള വരദാനമായില്ലേ! മുഖത്തിനും വരദാനമുണ്ട്, ഓരോ ചുവടിനും വരദാനമുണ്ട്.എത്ര വരദാനമായി, എങ്ങനെ എണ്ണും! മറ്റുള്ളവർക്ക് വരദാനം നല്കുന്നുണ്ട് എന്നാൽ നിങ്ങൾക്ക് ആദ്യമേ തന്നെ ലഭിച്ചിരിക്കുകയാണ്. ഓരോ ചുവടിലും വരദാനങ്ങളാൽ സഞ്ചി നിറഞ്ഞിരിക്കുന്നു. ലക്ഷ്മിയെ കാണിക്കുന്നുണ്ടല്ലോ– അവരുടെ കൈകളിലൂടെ സർവ്വർക്കും ധനം ലഭിച്ചു കൊണ്ടേയിരിക്കുന്നു. കുറച്ച് സമയത്തേക്കല്ല, സദാ സമ്പത്തിന്റെ ദേവിയായി സമ്പത്ത് നല്കി കൊണ്ടിരിക്കുന്നു. അപ്പോൾ ഇത് ആരുടെ ചിത്രമാണ്?

അതിനാൽ എത്ര വരദാനമായി! ബാബ പറയുന്നു– ഇനി ഒരു വരദാനവും നൽകാനായി അവശേഷിക്കുന്നില്ല, അപ്പോൾ എന്ത് നല്കും? വരദാനങ്ങളാൽ അലങ്കരിക്കപ്പെട്ടിരിക്കുകയല്ലേ. പറയാറില്ലേ– കൈ കറക്കിയപ്പോഴേക്കും വരദാനം ലഭിച്ചുവെന്ന്. അതിനാൽ ബാബ സമാനമായി ഭവിക്കട്ടെ എന്ന വരദാനം

നല്കി, ഇതിലൂടെ സർവ്വ വരദാനവും ലഭിച്ചു. ബാബ അവ്യക്തമായപ്പോൾ സർവ്വർക്കും സമാനമായി ഭവിക്കട്ടെ എന്ന വരദാനം നല്കിയില്ലേ. കേവലം മുന്നിലുള്ളവർക്ക് മാത്രമല്ല, സർവ്വർക്കും നല്കി. സൂക്ഷ്മ രൂപത്തിൽ സർവ്വ മഹാവീരന്മാരും ബാബയുടെ മുന്നിൽ ഉണ്ടായിരുന്നു, വരദാനവും ലഭിച്ചു. ശരി.

നിങ്ങളുടെയടുത്ത് സർവ്വരുടെയും ആശീർവാദവും മരുന്നുമുണ്ട്, അതിനാൽ വലിയ രോഗം പോലും ചെറുതായി മാറുന്നു. കേവലം രൂപരേഖ കാണിക്കുന്നു എന്നാൽ പ്രഭാവം ചെലുത്താൻ സാധിക്കില്ല. ഇത് ശൂലത്തിൽ നിന്നും മുള്ളിന്റെ രൂപമായി കാണിക്കുന്നു. ബാക്കി ബാബയുടെ കൈയ്യും കൂട്ട്ക്കെട്ടും സദാ കൂടെയുണ്ട്. ഓരോ ചുവടിലും, ഓരോ വാക്കിലും ബാബയുടെ ആശീർവാദവും-മരുന്നു ലഭിച്ചു കൊണ്ടിരിക്കുന്നു. അതിനാൽ നിശ്ചിന്തരായിരിക്കൂ.(ചിന്തയിൽ നിന്നും എപ്പോൾ മുക്തമാകും?) ഫ്രീ ആകുമ്പോൾ സൂക്ഷ്മ വതനത്തിൽ എത്തി ചേരൂ. ഇതിലൂടെ മറ്റുള്ളവർക്കും ബലം ലഭിക്കുന്നു. നിങ്ങളുടെ ഈ രോഗവും സേവനം ചെയ്യുന്നു. അതിനാൽ രോഗം രോഗമല്ല, സേവനത്തിന്റെ സാധനമാണ്. അല്ലായെങ്കിൽ ബാക്കിയുള്ളവർ മനസ്സിലാക്കും ഇവർക്ക് സഹായം ലഭിക്കുന്നുണ്ട്, ഇവർക്ക് അനുഭവമില്ലയെന്ന്. എന്നാൽ അനുഭവിയായി മറ്റുള്ളവർക്കും ധൈര്യം നല്കുന്ന സേവനത്തിന് വേണ്ടി കുറച്ച് രൂപരേഖ കാണിക്കുന്നു. ഇല്ലായെങ്കിൽ സർവ്വരും നിരാശരാകും. നിങ്ങളെല്ലാവരും ഉദാഹരണത്തിന്റെ രൂപത്തിൽ കുറച്ച് രൂപരേഖ കാണുന്നു, ബാക്കി സമാപ്തമാകുകയാണ്, കേവലം രൂപരേഖ മാത്രമായി അവശേഷിച്ചിരിക്കുന്നു. ശരി.

വിദേശി സഹോദരി സഹോദരൻമാരോട്- ഹൃദയം കൊണ്ട് ഓരോ ആത്മാവിനെ പ്രതി ശുഭ ഭാവന വയ്ക്കുക- ഇത് തന്നെയാണ് ഹൃദയത്തിൽ നിന്നുള്ള നന്ദി. ബാബയുടെ ഓരോ ചുവടിലും ഓരോ കുട്ടിക്ക് ഹൃദയത്തിൽ നിന്നും നന്ദി ലഭിച്ചു കൊണ്ടിരിക്കുന്നു. സംഗമയുഗത്തിന് സർവ്വാത്മാക്കളെ പ്രതി സദാ നന്ദി രേഖപ്പെടുത്തുന്നതിനുള്ള സമയമാണെന്ന് പറയാം. സംഗമയുഗം പൂർണ്ണമായും നന്ദിയുടെ യുഗമാണ്. സദാ പരസ്പരം ശുഭ ഭാവന, ശുഭ കാമന നല്കി കൊണ്ടിരിക്കൂ, ബാബയും നല്കുന്നുണ്ട്. ശരി.

## വരദാനം- സന്തോഷത്തിനോടൊപ്പം ശക്തിയെ ധാരണ ചെയ്ത് വിഘ്നങ്ങളെ മറി കടക്കുന്ന വിഘ്നജീത്തായി ഭവിക്കട്ടെ.

സമ്പാദിക്കാൻ അറിയാവുന്ന കുട്ടികൾ ശക്തിശാലിയായി മാറുന്നു. ഇപ്പോളിപ്പോൾ സമ്പാദിച്ചു, ഇപ്പോളിപ്പോൾ വിതരണം ചെയ്തു, സ്വയത്തിൽ ഉൾക്കൊണ്ടില്ലായെങ്കിൽ ശക്തിയുണ്ടായിരിക്കില്ല. കേവലം വിതരണം ചെയ്യുന്നതിന്റെ സന്തോഷം ഉണ്ടായിരിക്കും. സന്തോഷത്തിനോടൊപ്പം ശക്തിയുമുണ്ടാകണം എങ്കിൽ സഹജമായി തന്നെ വിഘ്നങ്ങളെ മറി കടന്ന് വിഘ്നജീത്തായി മാറും. പിന്നീട് ഒരു വ്ഘ്നവും സന്തോഷത്തെ നഷ്ടപ്പെടുത്തില്ല. അതിനാൽ മുഖത്തിലൂടെ സന്തോഷത്തിന്റെ തിളക്കം കാണപ്പെടുന്നത് പോലെ ശക്തിയുടെ തിളക്കവും കാണപ്പെടണം.

## സ്ലോഗൻ- പരിതസ്ഥിതികളിൽ പരിഭ്രമിക്കുന്നതിന് പകരം അതിനെ ടീച്ചറാണെന്ന് മനസ്സിലാക്കി പാഠം പഠിക്കൂ.

**സൂചന-** ഇന്ന് മാസത്തിന്റെ മൂന്നാമത്തെ ഞായറാഴ്ച്ച അന്താരാഷ്ട്ര യോഗ ദിനമാണ്, ബാബയുടെ സർവ്വ കുട്ടികളും സന്ധ്യക്ക് 6.30 മുതൽ7.30 വരെ വിശേഷിച്ച് പരംധാമിന്റെ ഉയർന്ന സ്ഥാനത്തിരുന്ന് ലൈറ്റ്, മൈറ്റ് ഹൗസായി പ്രകൃതി സഹിതം മുഴുവൻ വിശ്വത്തിനും സർച്ച്ലൈറ്റ് നല്കുന്നതിന്റെ സേവനം ചെയ്യണം.